LIBRARY ARCHIVES Kerala Legislative Assembly

നദികളിൽ നിന്നുള്ള മണലെടുപ്പ്

141 (3888) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴ ഉൾപ്പെടെയുള്ള നദികളിൽ നിന്നുള്ള മണലെടുപ്പ് തടഞ്ഞിട്ടുള്ളതായി അറിയുമോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) പാലക്കാട്, മലപ്പുറം ജില്ലകളിൽ ഭാരതപ്പുഴ ഉൾപ്പെടെയുള്ള നദികളിൽ നിന്നും ഒരു നിയന്ത്രണവുമില്ലാതെ മണലെടുപ്പ് നടക്കുന്നതായി അറിയാമോ ;

(ഡി) എങ്കിൽ അതിനുള്ള സാഹചര്യങ്ങളെന്താണെന്ന് അറിയിക്കുമോ ;

(ഇ) തൃശ്ശൂർ ജില്ലയിൽ നദിയിൽ നിന്നും മണലെടുക്കാൻ കഴിയാതെ വന്നതുകാരണം നിർമ്മാണ തൊഴിലാളികൾ പണിയില്ലാതെ ബുദ്ധിമുട്ടുന്നതായി അറിയുമോ ;

(എഫ്) നിർമ്മാണ മേഖലയിൽ വിലയ വിലയ്ക്ക് വ്യാജമണൽ വിറ്റുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തൃശ്ശൂർ ജില്ലയിലെ മണലെടുപ്പ് തടസ്സപ്പെട്ടിരിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികൾ പരിഹരിക്കുവാനും മണലെടുപ്പ് പുനഃസ്ഥാപിക്കുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിനനുസൃതമായി പരിസ്ഥിതി വകുപ്പിൽനിന്നുള്ള നിർദ്ദേശമനുസരിച്ച് ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ 15-5-2015 തീയതിയിലെ എച്ച്.5-44949/13 നമ്പർ ജില്ലാ കളക്ടറുടെ നടപടിക്രമപ്രകാരം ജില്ലയിൽ ഭാരതപ്പുഴയിലെ അംഗീകൃത കടവുകളിൽനിന്നും മണലെടുക്കുന്നതിന് നിരോധനം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി&ഡി) പാലക്കാട് ജില്ലയിൽ നിയന്ത്രണമില്ലാതെ മണലെടുപ്പ് നടന്നിരുന്നില്ല. ഓസ്സ് നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിരുന്ന കടവുകളിൽനിന്ന് നിശ്ചിത അളവിലുള്ള മണലെടുപ്പാണ് നടന്നിരുന്നത്. എന്നാൽ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിധിയുടെ പശ്ചാത്തലത്തിൽ പാലക്കാട് ജില്ലയിൽ നിലവിൽ പുഴകളിൽനിന്നുള്ള മണലെടുപ്പ് നിരോധിച്ചിട്ടുണ്ട്. പുഴകളിൽനിന്നുള്ള അനധികൃത മണലെടുപ്പ് തടയുന്നതിന് റവന്യൂ, പോലീസ് വകുപ്പുകൾ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മലപ്പുറം ജില്ലയിൽ ഭാരതപ്പുഴയിൽനിന്ന് മണലെടുപ്പിന് നിലവിൽ അനുമതി നൽകിയിട്ടില്ല.

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴയിലെ മണൽ ആഡിറ്റിംഗ് നടത്തുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മണൽ ആഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ആഡിറ്റിംഗ് പൂർത്തിയായാൽ മാത്രമേ മണലെടുപ്പ് പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

വൈപ്പിൻ മണ്ഡലത്തിലെ ഭൂരഹിതർക്ക് ഭൂമി

142 (T*3889) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) വൈപ്പിൻ മണ്ഡലത്തിൽ നിന്നും ഈ ആവശ്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ അപേക്ഷകരിൽ, കാസർഗോഡ് പോലുള്ള മറ്റ് ജില്ലകളിൽ ഭൂമി ലഭിക്കുന്നപക്ഷം സ്വീകരിക്കുവാൻ തയ്യാറാണെന്ന സമ്മതപത്രം നൽകിയവർ എത്രപേരെന്ന് വ്യക്തമാക്കാമോ ;

(ഡി) വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർക്ക് ഭൂമി ലഭ്യമാക്കിയെന്നും, എവിടെയൊക്കെയെന്നും വിശദമാക്കാമോ ;

(ഇ) ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടി വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെ വാർഷിക വരുമാനം 75,000 രൂപയിൽ താഴെയുള്ള ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനായി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചുനൽകിക്കൊണ്ടുള്ള 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' സർക്കാർ നടപ്പിലാക്കിവരുന്നു.

(ബി) വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലേക്ക് 2,686 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ഇതര ജില്ലകളിൽ നിന്നുള്ള ഭൂമി സ്വീകരിക്കുന്നതിന് 161 അപേക്ഷകർ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആർക്കും സ്വന്തം ജില്ലയിൽ അല്ലാതെ ഭൂമി വിതരണം ചെയ്തിട്ടില്ല.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly